**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പുതിയ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനായുള്ള നടപടിക്രമങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

G.O.(Rt)No. 600/2018/LSGD തീയതി,തിരുവനന്തപുരം, 03/03/2018

പരാമർശം:- 1) കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ 24/1/2018-ലെ ജെ-11060/16/2017-ആർ.എച്ച്.(എം.&ടി) നമ്പർ കത്ത്.

2) 06.02.2018, 24.02.2018 എന്നീ തീയതികളിലെ ഗ്രാമവികസന കമ്മീഷണറുടെ 2609/എച്ച് & റ്റി.1/18/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ഭവന പദ്ധതിക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (SECC) ലിസ്റ്റിൽ നിന്നുള്ള അർഹരായ ഗുണഭോക്താക്കളിൽ നിന്നാണ്. കേരളത്തിലെ SECC ലിസ്റ്റിലെ പെർമനന്റ് വെയിറ്റിംഗ് ലിസ്റ്റിൽ 75709 ഗുണഭോക്താക്കളാണുള്ളത്. ഇതിൽ അർഹരായ ഗുണഭോക്താക്കളുടെ എണ്ണം 24588 ആണ്. പി.എം.എ.വൈ (ജി) പദ്ധതിയിൽ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലായി ആകെ 42431 വീടുകൾ നിർമ്മിക്കുന്നതിനുള്ള ഭൗതിക ലക്ഷ്യമാണ് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് നൽകിയിട്ടുള്ളത്.

2. കേരളത്തിൽ 2011-ലെ SECC ലിസ്റ്റിൽ അർഹരായ ഗുണഭോക്താക്കൾ ഇല്ലാത്ത സാഹചര്യത്തിൽ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് മാനദണ്ഡങ്ങൾ പ്രകാരം പുതിയ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്. ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുള്ള ഭവന രഹിതരുടെ ലിസ്റ്റിൽ ആകെ 1,63,507, ഭൂമിയുള്ള ഭവന രഹിതരായ ഗുണഭോക്താക്കൾ ഉണ്ട്. ഈ ലിസ്റ്റിൽ നിന്നും പി.എം.എ.വൈ (ജി) പദ്ധതിയിലേക്ക് പുതിയ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി ഗുണഭോക്താക്കളെ ഫീൽഡ് തലത്തിൽ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രകാരമുള്ള 13 ഒഴിവാക്കൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അന്തിമ പട്ടിക തയ്യാറാക്കേണ്ടതായിട്ടുണ്ട്. കൂടാതെ SECC പട്ടികയിലും ലൈഫ് മിഷൻ പട്ടികയിലും ഏതെങ്കിലും കാരണവശാൽ ഉൾപ്പെടാത്തവർ ഉണ്ടെങ്കിൽ അവരുടെ അപേക്ഷ കൂടി സ്വീകരിച്ച്, പരിശോധിച്ച് പട്ടികയിൽ ഉൾപ്പെടുത്തി ഗ്രാമസഭയുടെ അംഗീകാരം ലഭ്യമാക്കേണ്ടതും, അപ്പലേറ്റ് അതോറിറ്റിയുടെ അംഗീകാരശേഷം അന്തിമ പട്ടിക പ്രസിദ്ധീകരിക്കേണ്ടതുമാണ്. മേല്പറഞ്ഞ

രണ്ട് പരിശോധനയിലും കൂടി ലഭിക്കുന്ന അർഹരായ മുഴുവൻ ഗുണഭോക്താക്കളെയും പി.എം.എ.വൈ (ജി) ആനുകൂല്യം ലഭിക്കുന്നതിനായി 'ആവാസ് സോഫ്റ്റ്' എന്ന സോഫ്റ്റ് വെയറിൽ ജിയോ ടാഗ് ചെയ്ത് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് ലഭ്യമാക്കേണ്ടതുണ്ട്.

3. പി.എം.എ.വൈ (ജി) പദ്ധതിയിലേക്ക് പുതിയ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ കേന്ദ്രസർക്കാർ അനുമതി നൽകിയിരിക്കുന്ന സാഹചര്യത്തിൽ, പുതിയ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾക്ക് അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം ഗ്രാമവികസന കമ്മിഷണർ അഭ്യർത്ഥിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.. പി.എം.എ.വൈ (ജി) പദ്ധതിയിലേക്ക് പുതിയ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ കേന്ദ്രസർക്കാർ അനുമതി നൽകിയിരിക്കുന്ന സാഹചര്യത്തിൽ, പുതിയ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനായി താഴെപ്പറയുന്ന നടപടിക്രമങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

i) ലൈഫ് മിഷൻ തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ അധികവിവര ശേഖരണം നടത്തി സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (SECC) പ്രകാരമുള്ള ഒഴിവാക്കൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഗ്രാമസഭയുടെയും അപ്പലേറ്റ് കമ്മിറ്റിയുടെയും അംഗീകാരം ലഭ്യമാക്കിയശേഷം പി.എം.എ.വൈ (ജി) പദ്ധതിയിലേക്കുള്ള പുതിയ ഗുണഭോക്താക്കളുടെ അന്തിമപട്ടിക തയ്യാറാക്കേണ്ടതാണ്.

ii) സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പട്ടികയിലും ലൈഫ് മിഷൻ പട്ടികയിലും ഏതെങ്കിലും കാരണവശാൽ ഉൾപ്പെടാത്തവർ ഉണ്ടെങ്കിൽ അവരുടെ അപേക്ഷ കൂടി സ്വീകരിച്ച്, പരിശോധിച്ച് ഗ്രാമസഭയുടെയും അപ്പലേറ്റ് കമ്മിറ്റിയുടെയും അംഗീകാരം ലഭ്യമാക്കിയശേഷം പി.എം.എ.വൈ (ജി) പദ്ധതിയിലേക്കുള്ള പുതിയ ഗുണഭോക്താക്കളുടെ അന്തിമപട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം അപേക്ഷ സ്വീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരെ competent authority ആയി ചുമതലപ്പെടുത്തുന്നു.

iii) പുതിയ അപേക്ഷകരുടെ ഫീൽഡ് തല പരിശോധനയും ലൈഫ് മിഷൻ തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ അധികവിവര ശേഖരണവും നടത്തുന്നതിനായി ഗ്രാമവികസന വകുപ്പിലെ ഗ്രാമപഞ്ചായത്ത് തലത്തിൽ ജോലി ചെയ്യുന്ന വി.ഇ.ഒ.മാരെ ചുമതലപ്പെടുത്തുന്നു.

iv) മേല്പറഞ്ഞ പ്രകാരം കണ്ടെത്തുന്ന ഗുണഭോക്താക്കളുടെ പട്ടിക ഗ്രാമസഭയുടെ അംഗീകാരത്തോടുകൂടി തയ്യാറാക്കുന്നതിനും, പട്ടിക ഗ്രാമ പഞ്ചായത്ത് തലത്തിൽ പ്രസിദ്ധീകരിക്കുന്നതിനും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തുന്നു.

v) ജില്ലാതല അപ്പീൽ അധികാരിയായി ജില്ലാ കളക്ടർമാരെ നിയോഗിക്കുന്നു.

vi) മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പാലിച്ച്, കേന്ദ്രസർക്കാർ അനുവദിക്കുന്ന സമയപരിധിക്കുള്ളിൽതന്നെ അർഹരായ മുഴുവൻ ഗുണഭോക്താക്കളെയും പി.എം.എ.വൈ (ജി) ആനുകൂല്യം ലഭിക്കുന്നതിനായി 'ആവാസ് സോഫ്റ്റ്' എന്ന സോഫ്റ്റ് വെയറിൽ ജിയോ ടാഗ് ചെയ്ത് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉറപ്പാക്കാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINIMOL ABRAHAM
ADDITIONAL SECRETARY

ഗ്രാമവികസന കമ്മിഷണർ,
തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മിഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഐകെഎം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2018.03.03 ...8:40 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു.തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്